ഉത്തരം

(എ) പ്ലാനിംഗ് വകുപ്പ് ജോയിന്റ് സെക്രട്ടറിയായ ശ്രീ. ഇ. അയ്യപ്പൻ ഐ.എ.എസ്സിനെ ചുമതലപ്പെടിത്തിയിരുന്നു.

(ബി) ഉണ്ട്.

(സി) പട്ടികജാതി വികസന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പൊതുഭരണ വകുപ്പ് എന്നീ വകുപ്പുകൾ ഇപ്പോൾ കൈകാര്യം ചെയ്യുന്ന പിന്നോക്ക വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കുമുള്ള ക്ഷേമം വികസന പ്രവർത്തനങ്ങൾ ഈ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ ശുപാർശ ചെയ്തിട്ടുണ്ട്. മാത്രമല്ല, പിന്നോക്ക വിഭാഗങ്ങൾക്കായി ഹോസ്റ്റലുകൾ തൊഴിൽ പരിശീലന പരിപാടികൾ, എന്നീ പുതിയ ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാനും ശുപാർശയുണ്ട്. ഗവൺമെന്റ് തലത്തിലും സംസ്ഥാന ജില്ലാ തലങ്ങളിലും വകുപ്പിന് ഓഫീസുകളും തസ്തികകളും ശുപാർശയിൽ ഉൾപ്പെടുന്നു.

(ഡി) ശുപാർശകൾ സർക്കാർ പഠിച്ചുകൊണ്ടിരിക്കുകയാണ്. താമസംവിനാ വകുപ്പിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

സ്കോളർഷിപ്പ് യഥാസമയം ലഭിക്കാൻ നടപടി

2(205) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീം വിദ്യാർത്ഥിനികൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന സ്കോളർഷിപ്പ് യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) സ്കോളർഷിപ്പ് യഥാസമയം ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് കാരണം മതിയായ തുക ഇതിലേക്കായി നീക്കിവയ്ക്കാൻ കഴിയാത്തതാണ് കാരണം.

(ബി) സ്വീകരിച്ചുവരുന്നു.

വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റും സ്റ്റൈഫന്റും നൽകാൻ കുടിശ്ശിക

3(206) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റും സ്റ്റൈപന്റും നൽകാൻ കുടിശ്ശിക ഉണ്ടോയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly